No. CEE/5354/2018/PGM-2019/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## കേരളത്തിലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പുതുതായി നീറ്റ്–പി.ജി. യോഗ്യത നേടിയവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു

ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള **നീറ്റ് പി.ജി.–2019** പ്രവേശന പരീക്ഷയിലെ യോഗ്യതാ മാനദണ്ഡത്തിൽ ഇളവ് വരുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ കേരളത്തിലെ ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലേക്ക് 06.05.2019–ന് നടത്തിയ മോപ്പ്–അപ്പ് കൗൺസലിംഗിനു ശേഷം സർക്കാർ/ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നതും പുതുക്കിയ മാനദണ്ഡപ്രകാരം നീറ്റ്–പി.ജി. യോഗ്യത നേടിയിട്ടുള്ള തുമായ അപേക്ഷകരിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിലൂടെ പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് **09.05.2019 മുതൽ 11.05.2019 വൈകുന്നേരം 5 മണി**യ്ക്കകം ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഒഴിവുള്ള സീറ്റുകൾ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനകം ഓൺലൈനായി ലഭിക്കുന്ന അപേക്ഷകരെ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും അതാത് കോളേജ് അധികാരികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ഒഴിവുകൾ നികത്താവുന്നതാണ്. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
08.05.2019